**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 543** **10-11-2021 - ൽ മറുപടിയ്ക്ക്**

**ബൈപാസ് റോഡുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി ഒ എസ് അംബിക** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കി യാത്ര സുഗമവും വേഗത്തിലുമാക്കണമെന്ന ഉദ്ദേശത്തോടെ കഴിഞ്ഞ സർക്കാർ ആരംഭിച്ച ബൈപാസ് റോഡുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കി വരുന്ന ബൈപ്പാസ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം ഡിവിഷൻ: ശാർക്കര - മഞ്ചാടിമൂട് ബൈപ്പാസ് - പൂർത്തീകരിച്ചു വർക്കല ബൈപ്പാസ് -ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുന്നു കോട്ടയം ഡിവിഷൻ: പട്ടിത്താനം-മണർക്കാട്ബൈപ്പാസ്-(റീച്ച്-3) - പ്രവൃത്തി പുരോഗമിക്കുന്നു. നിർമ്മാണം 2022 ജനുവരി 30 ന് പൂർത്തീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു. കടുത്തുരുത്തി ബൈപ്പാസ് - 2014-15 കാലയളവിൽ ഭരണാനുമതി ലഭിച്ച കടുത്തുരുത്തി ബൈപ്പാസിന്റെ നിർമ്മാണം 2018 ൽ ആരംഭിച്ചു. ആയതിന്റെ നിർമ്മാണം പുരോഗമിക്കുന്നു. മൂവാറ്റുപുഴ ഡിവിഷൻ: കോതമംഗലം നിയോജക മണ്ഡലത്തിലെ തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിന്റെ ആദ്യ റീച്ചിലെ വിവിധ പണികൾ പുരോഗമിച്ച് വരുന്നുണ്ട്. രണ്ടാം റീച്ചിൽ ടെണ്ടർ നടപടികൾ പൂർത്തിയായി നൽകിയിട്ടുണ്ട്. ഇടുക്കി ഡിവിഷൻ: അടിമാലി ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു. ആലപ്പുഴ ഡിവിഷൻ: മാവേലിക്കര - മണ്ഡലത്തിലെ കണ്ടിയൂർ ബൈപ്പാസ് പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളതാണ്. തോട്ടപ്പള്ളി - കൊട്ടാര വളവ് ബൈപ്പാസ്- ടെണ്ടർ നടപടികളിലാണ്. മഞ്ചേരി ഡിവിഷൻ: നിലമ്പൂർ നിയോജക മണ്ഡലത്തിലെ നിലമ്പൂർ ബൈപ്പാസിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. നിലവിൽ സ്ഥലം ഏറ്റെടുക്കുന്നത് വൈകുന്നതിനാലാണ് നിർമ്മാണപ്രവൃത്തി വൈകുന്നത്. വളാഞ്ചേരി - തിരൂർ മണ്ഡലത്തിലൂടെ കടന്നു പോകുന്ന കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസിന്റെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്: പുത്തൂർ - ചെനക്കൽ ബൈപ്പാസ് (കോട്ടയ്ക്കൽ ബൈപ്പാസ് 3rd റീച്ച്) നിർമ്മാണ പ്രവൃത്തി ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് Hinderence free land പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ ഒരാടം പാലം - മാനത്ത് മംഗലം ബൈപ്പാസ് റവന്യൂ ഉത്തരവിനും, റെയിൽവെ ജി.എ.ഡി.ക്കും വേണ്ടിയിട്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. താനൂർ നിയോജകമണ്ഡലത്തിലെ തിരൂർ - മലപ്പുറം റോഡിൽ വൈലത്തൂർ ടൗണിലെ ഗതാഗത കുരുക്ക് മാറ്റുന്നതിനായി ബംഗ്ലാംകുന്ന് ഒറവുങ്ങൽ ബൈപ്പാസിനു ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും ആവശ്യമായ സ്ഥലം വിട്ടു കിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. കോഴിക്കോട് ഡിവിഷൻ: ഓമശ്ശേരി ടൗൺ ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനു കീഴിൽ കൊല്ലം, ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. കൂടാതെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്ന ബൈപ്പാസുകളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്റ്റിവിറ്റി പാക്കേജിൽ ഉൾപ്പെട്ട റോഡുകൾ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നാലുവരിപ്പാതയായി തത്വത്തിൽ അംഗീകാരം നൽകിയ നാല് റോഡുകൾ വികസിപ്പിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി മുഖേന ആർ ബി ഡി സി കെ യെ 12 ബൈപ്പാസ് പദ്ധതികളാണ് ഏൽപ്പിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർമ്മാണം സ്ഥലമെടുപ്പ് പദ്ധതിരേഖ തയ്യാറാക്കൽ എന്നിങ്ങനെയുള്ള വിവിധ ഘട്ടങ്ങളായി നടന്നു വരികയാണ് വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കാൻ അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് | (ബി) | വിലയിരുത്തിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കി വരുന്ന ബൈപ്പാസ് പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം ഡിവിഷൻ: ശാർക്കര - മഞ്ചാടിമൂട് ബൈപ്പാസ് - പൂർത്തീകരിച്ചു വർക്കല ബൈപ്പാസ് -ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുന്നു കോട്ടയം ഡിവിഷൻ: പട്ടിത്താനം-മണർക്കാട്ബൈപ്പാസ്- (റീച്ച്-3) - പ്രവൃത്തി പുരോഗമിക്കുന്നു. നിർമ്മാണം 2022 ജനുവരി 30 ന് പൂർത്തീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു. കടുത്തുരുത്തി ബൈപ്പാസ് - 2014-15 കാലയളവിൽ ഭരണാനുമതി ലഭിച്ച കടുത്തുരുത്തി ബൈപ്പാസിന്റെ നിർമ്മാണം 2018 ൽ ആരംഭിച്ചു. ആയതിന്റെ നിർമ്മാണം പുരോഗമിക്കുന്നു. മൂവാറ്റുപുഴ ഡിവിഷൻ: കോതമംഗലം നിയോജക മണ്ഡലത്തിലെ തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിന്റെ ആദ്യ റീച്ചിലെ വിവിധ പണികൾ പുരോഗമിച്ച് വരുന്നുണ്ട്. രണ്ടാം റീച്ചിൽ ടെണ്ടർ നടപടികൾ പൂർത്തിയായി നൽകിയിട്ടുണ്ട്. ഇടുക്കി ഡിവിഷൻ: അടിമാലി ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു. ആലപ്പുഴ ഡിവിഷൻ: മാവേലിക്കര - മണ്ഡലത്തിലെ കണ്ടിയൂർ ബൈപ്പാസ് പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളതാണ്. തോട്ടപ്പള്ളി - കൊട്ടാര വളവ് ബൈപ്പാസ്- ടെണ്ടർ നടപടികളിലാണ്. മഞ്ചേരി ഡിവിഷൻ: നിലമ്പൂർ നിയോജക മണ്ഡലത്തിലെ നിലമ്പൂർ ബൈപ്പാസിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. നിലവിൽ സ്ഥലം ഏറ്റെടുക്കുന്നത് വൈകുന്നതിനാലാണ് നിർമ്മാണപ്രവൃത്തി വൈകുന്നത്. വളാഞ്ചേരി - തിരൂർ മണ്ഡലത്തിലൂടെ കടന്നു പോകുന്ന കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്: പുത്തൂർ - ചെനക്കൽ ബൈപ്പാസ് (കോട്ടയ്ക്കൽ ബൈപ്പാസ് 3rd റീച്ച്) നിർമ്മാണ പ്രവൃത്തി ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് Hinderence free land പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ ഒരാടം പാലം - മാനത്ത് മംഗലം ബൈപ്പാസ് റവന്യൂ ഉത്തരവിനും, റെയിൽവെ ജി.എ.ഡി.ക്കും വേണ്ടിയിട്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. താനൂർ നിയോജകമണ്ഡലത്തിലെ തിരൂർ - മലപ്പുറം റോഡിൽ വൈലത്തൂർ ടൗണിലെ ഗതാഗത കുരുക്ക് മാറ്റുന്നതിനായി ബംഗ്ലാംകുന്ന് ഒറവുങ്ങൽ ബൈപ്പാസിനു ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും ആവശ്യമായ സ്ഥലം വിട്ടു കിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. കോഴിക്കോട് ഡിവിഷൻ: ഓമശ്ശേരി ടൗൺ ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനു കീഴിൽ കൊല്ലം, ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. കൂടാതെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്ന ബൈപ്പാസുകളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെട്ട റോഡുകൾ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നാലുവരിപ്പാതയായി തത്വത്തിൽ അംഗീകാരം നൽകിയ നാല് റോഡുകൾ വികസിപ്പിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി മുഖേന ആർ ബി ഡി സി കെ യെ 12 ബൈപ്പാസ് പദ്ധതികളാണ് ഏൽപ്പിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർമ്മാണം സ്ഥലമെടുപ്പ് പദ്ധതിരേഖ തയ്യാറാക്കൽ എന്നിങ്ങനെയുള്ള വിവിധ ഘട്ടങ്ങളായി നടന്നു വരികയാണ് വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കാൻ അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയെല്ലാമാണ് പുതുതായി ബൈപാസ് റോഡുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെട്ട കേളകം ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് അംഗീകാരം നൽകുകയും പദ്ധതിക്കാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്M/s IDeCKഎന്ന കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വിഴിഞ്ഞം-പാരിപ്പള്ളി ഔട്ടർ റിംഗ് റോഡ് നിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | വിഴിഞ്ഞം - പാരിപ്പള്ളി ഔട്ടർ റിംഗ് റോഡ് ഭാരതമാല ഫേസ് -1 ൽ ഉൾപ്പെടുത്തി അനുമതി നൽകണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

543

അനുബന്ധം I

| Sr. No | Name of Project | Length (km) | Awarded /TPC (Rs in Cr.) | Concessionaire/Contractor | Appointed Date | Schedule/ Anticipated date of completion | Physical progress (%) | Remarks |
|---|---|---|---|---|---|---|---|---|
| 1 | Four laning of Kazhakkoottam to Mukkola Section from Km.0+000 to Km.26+500 of NH-47 in the State of Kerala under NHDP Phase III on EPC mode | 26.798 | 669.06/ 1038.35 | M/s KNR Constructions Ltd.) | Final completion certificate issued on 23.05.2020, w.e.f. 31.01.2020. | | | |
| 2 | Four Laning of Mukkola Junction to Kerala / Tamil Nadu Border from Km.26.500 to Km.43.000 of NH-47 (New NH-66) under NHDP Phase III on EPC mode | 16.202 | 497.08/ 1147.79 | M/s Larsen & Toubro Ltd. | 15.06.16 | 14.06.2018/ 31.12.2021 | 94.98 | The work was delayed due to non availability of borrow earth, public protest & change of scopes due to demand by public/ Elected Representatives. However all issues resolved as of now and work is on track. Paucity of labour and materials due to COVID-19 restrictions, also delayed the works. |
| 3 | 4 laning of Thalassery-Mahe Bypass Section of NH-17(New NH-66) from Km. 170.600(Design Chainage Km.170.600) to Km. 188.000(Design Chainage Km. 189.200 on EPC Mode | 18.6 | 883.98/ 1232.76 | M/s GHV India Pvt. Ltd-EKK Infrastructure Pvt. Ltd. (JV) | 04.12.2017 | 31.05.2020/ 12.12.2021 | 69.31 | The work was delayed due to non availability of borrow earth, public protest & change of scopes due to demand by public/ Elected Representatives. However all issues resolved as of now and work is on track. Additional Land for an extent of 2.59 Ha required for accommodating all the structures, i.e service road, drain, utility corridor as provided in the contract Agreement under acquisition. |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| ബൈപ്പാസ് പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിശദാംശങ്ങൾ |
| 1 | പേരാമ്പ്ര ബൈപ്പാസ് | നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | അങ്കമാലി – കൊച്ചി എയർപോർട്ട് ബൈപ്പാസ് | സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 3 | പെരുമ്പാവൂർ ബൈപ്പാസ് | പ്രദേശവാസികൾ പദ്ധതിക്കെതിരെ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| 4 | ഓരാടും പാലം – വൈലോങ്ങര ബൈപ്പാസ് റോഡ് | പദ്ധതിക്കാവശ്യമായ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് പ്രദേശവാസികൾ തടസ്സം സൃഷ്ടിച്ചതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| 5 | കാഞ്ഞിരപ്പിള്ളി ബൈപ്പാസ് | സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 6 | എയർപോർട്ട് സീപോർട്ട് റോഡ് ഫേസ് -II സെക്ഷൻ എ പാക്കേജ് 2 & 3 ( എൻ.എ.ഡി. റോഡ് മുതൽ ആലുവ. പെരുമ്പാവൂർ റോഡിലെ മഹിളാലയം ജംഗ്ഷൻ വരെ) | സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 7 | ഒറ്റപ്പാലം ബൈപ്പാസ് | സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 8 | കുറ്റിയാടി ബൈപ്പാസ് | പ്രദേശവാസികൾ പദ്ധതിക്കെതിരെ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |

| | | |
|---|---|---|
| 9 | കൊടുവായൂർ ബൈപ്പാസ് | സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.. |
| 10 | കാസർഗോഡ് ബൈപ്പാസ് | പദ്ധതിക്കെതിരെ പ്രദേശവാസികൾ തടസ്സം സൃഷ്ടിച്ചതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ചർച്ചകൾ പുരോഗമിക്കുന്നു. |
| 11 | പണ്ടാരപ്പറമ്പ് ഉണ്ടോടിക്കടവ് ബൈപ്പാസ് | കൺസപ്റ്റ് റിപ്പോർട്ട് അംഗീകാരത്തിനായി ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുകയാണ്. |
| 12 | താമരശ്ശേരി-ചുങ്കം ലിങ്ക് റോഡ് | അലൈൻമെന്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |